# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 52 - 19/06/2015 ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ടി.വി.രാജേഷ് | ശ്രീ.കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |

**പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ**

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുമായി വിഭജിക്കാവുന്ന നികുതി വരുമാനത്തിന്റെ 42% സംസ്ഥാനങ്ങൾക്ക് കൈമാറാനും നൽകി വന്നിരുന്ന ഗ്രാന്റ് തുകയിൽ വെട്ടിക്കുറവ് വരുത്താനുമുള്ള കേന്ദ്ര തീരുമാനം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; | ഉണ്ട്. |
| (ബി)<br>കേന്ദ്ര നിലപാടിന്റെ ഗുണദോഷ ഫലങ്ങളെ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ വെളിപ്പെടുത്താമോ; | സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം നല്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പതിനാലാം ധനകാര്യ കമ്മീഷൻ കേന്ദ്ര നികുതി വിഹിതം നിലവിലെ 32% ൽ നിന്നും 42% ആയി വർദ്ധിപ്പിച്ചത്. എന്നാൽ ഇതുമൂലം കേന്ദ്ര സർക്കാരിനുണ്ടാകുന്ന റവന്യൂ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിന് 2015-16 ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായത്തിൽ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) ആനുപാതികമായ കുറവുവരുത്തിയിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാർ 8 കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും, 20 പദ്ധതികളുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും തമ്മിലുള്ള അനുപാതത്തിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിച്ചതുവഴി സംസ്ഥാനത്തിനു ലഭിക്കുന്ന അധികതുകയുടെ സിംഹഭാഗവും ഇത്തരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിക്കേണ്ടി വരും. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക സ്വാതന്ത്ര്യം ഇല്ലാതാക്കുന്ന നടപടിയാണ് ഇതിലൂടെ കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. |

| | |
|---|---|
| (സി)<br>നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര നികുതി ഇനത്തിൽ കൂടുതലായി ലഭിക്കുമെന്ന് കരുതുന്ന തുക എത്രയെന്നും ഗ്രാന്റിനത്തിൽ പ്രതീക്ഷിക്കുന്ന തുക എത്രയെന്നും വിശദമാക്കാമോ; | പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ മുൻ വർഷത്തേക്കാൾ 5,195.48 കോടി രൂപ അധികമായി നടപ്പുവർഷം സംസ്ഥാനത്തിന് ലഭിക്കും. ഗ്രാന്റിനത്തിൽ 5,563.42 കോടി രൂപ 2015-16 വർഷം സംസ്ഥാനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി)<br>സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്ന തുക എത്രയാണ്; 2015-16 വർഷത്തെ ബജറ്റിൽ മേൽപ്പറഞ്ഞ ഓരോന്നിനും കണക്കാക്കപ്പെട്ട തുക എത്ര വീതമായിരുന്നുവെന്ന് അറിയിക്കുമോ? | പതിനാലാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി നികത്തുന്നതിനായി 2015-18 കാലയളവിൽ സംസ്ഥാനത്തിനായി ശുപാർശ ചെയ്തിട്ടുള്ള 9,519 കോടി രൂപയിൽ 4,640 കോടി രൂപ നടപ്പുവർഷം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.<br>പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര നികുതിയിനത്തിൽ 13,121.77 കോടി രൂപ 2015-16-ൽ സംസ്ഥാനത്തിനായി കേന്ദ്ര ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ഗ്രാന്റുകൾക്കായി എല്ലാ സംസ്ഥാനങ്ങൾക്കുമായി 88,864.52 കോടി രൂപ 2015-16 വർഷത്തെ കേന്ദ്ര ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ